ആർ.എൽ.ഇ.ജി.പി. സ്കീം അനുസരിച്ച് സംസ്ഥാനത്ത് നിർമ്മിച്ച റോഡുകൾ

1334 [2365] ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി.കെ.കെ. ബാവ:
,, ഇ.റ്റി. മുഹമ്മദ് ബഷീർ:
,, നാലകത്തു സൂപ്പി:
,, പി.എം. അബൂബക്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985–86 വർഷത്തിൽ ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഈ സംസ്ഥാനത്ത് എത്ര റോഡുകൾ നിർമ്മിച്ചു;

(ബി) ഇതിന് എത്ര ലക്ഷം രൂപ ചെലവഴിച്ചു;

(സി) റോഡുകൾ തെരഞ്ഞെടുക്കുമ്പോൾ ഇതിനു സ്വീകരിച്ച മാനദണ്ഡം എന്താണ്?

ഉത്തരം

(എ) ആർ.എൽ.ഇ.ജി.പി. പ്രകാരം 1983–84, 1984–85 വർഷങ്ങളിലെ ഒന്നാമത്തെ റോഡു പ്രൊജക്ട് പ്രകാരം അനുവദിച്ച റോഡുകളിൽ മൊത്തം 256 റോഡുകൾ 1985–86 വർഷങ്ങളിൽ പൂർത്തിയായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1. കർഷകത്തൊഴിലാളികളും ഹരിജനങ്ങളും കൂടുതലുള്ള സ്ഥലങ്ങളിൽ അവർക്ക് ജോലികൊടുക്കാൻ ഉതകുന്നതും ഗ്രാമീണ ജീവിതം മെച്ചപ്പെടുത്താൻ സഹായിക്കുന്നതുമായ റോഡുകൾ തെരഞ്ഞെടുക്കുന്നു. 2. ഗ്രാമീണ ഭൂരഹിതരും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവരും ഉൾക്കൊള്ളുന്ന ഭവനത്തിലെ കുറഞ്ഞത് ഒരംഗത്തിനെങ്കിലും വർഷത്തിൽ 100 ദിവസം ജോലികൊടുക്കത്തക്ക രീതിയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

ഇവയാണ് റോഡുകൾ തെരഞ്ഞെടുക്കുന്നതിനുസ്വീകരിച്ച മാനദണ്ഡങ്ങൾ.

ഗ്രാമീണ ഭൂരഹിത തൊഴിൽദാന പദ്ധതിയനുസരിച്ചുള്ള റോഡ് നിർമ്മാണം

1335 [2366] ശ്രീമതി പി. വേലായുധി:
,, കെ.ആർ. ഗൗരി:
ശ്രീ. വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭൂരഹിത തൊഴിൽദാന പദ്ധതിയനുസരിച്ച് 1986–87–ൽ റോഡ് നിർമ്മാണത്തിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly